**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3413** **08-10-2025 - ൽ മറുപടിയ്ക്ക്**

**പരീക്ഷാ സമ്പ്രദായത്തിൽ സമഗ്രമാറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി.സി. മുകുന്ദൻ,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ. ഇ കെ വിജയൻ,<br>ശ്രീ ജി എസ് ജയലാൽ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പൊതുവിദ്യാലയങ്ങളിൽ പഠന രീതികളിലും പാഠ പുസ്തകങ്ങളിലും വന്ന മാറ്റത്തോടൊപ്പം പഠനത്തെ വിലയിരുത്തുന്ന രീതിയിലും മാറ്റം വരുത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. പ്രവർത്തനാധിഷ്ഠിതവും പ്രക്രിയാബന്ധിതവുമായ അറിവുനിർമ്മാണത്തിൽ ഓരോ പഠിതാവിന്റെയും ആർജ്ജിത അറിവുകൾ സമഗ്രമായി വിലയിരുത്തപ്പെടണം എന്ന് കേരള പാഠ്യപദ്ധതി ചട്ടക്കൂടിൽ (KCF 2023) പ്രതിപാദിച്ചിട്ടുണ്ട്. സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയിൽ വിലയിരുത്തൽ പരിഷ്കരണത്തിന് പ്രാധാന്യം നൽകിയിട്ടുണ്ട്. അറിവുനിർമ്മാണരീതിക്ക് ഇണങ്ങുന്നതും അതിനെ പോഷിപ്പിക്കുന്നതുമായ നിരന്തരവും സമഗ്രവുമായ വിലയിരുത്തലിലൂടെയാണ് പഠിതാക്കളിലെ വൈവിധ്യത്തെ അഭിമുഖീകരിക്കാൻ കഴിയുക. വിലയിരുത്തൽ പ്രക്രിയ നിരന്തരവും കുട്ടികളുടെ എല്ലാവിധ കഴിവുകളെയും പരിഗണിക്കുന്നതും ആയിരിക്കണം. ഇത് കുട്ടിയുടെ പഠനത്തെയും വികാസത്തെയും സഹായിക്കുന്നതാകണം. |
| (ബി) | ഓരോ വിദ്യാർത്ഥിയും ഭയരഹിതമായി പരീക്ഷയെയും പഠനത്തെയും സമീപിക്കുന്നതിന് സഹായിക്കുന്ന തരത്തിലുള്ള മാറ്റം മൂല്യനിർണയ സമ്പ്രദായത്തിലും കൊണ്ടുവരുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (ബി) | ഉണ്ട്. വിദ്യാർത്ഥികൾക്ക് ഭയരഹിതമായി പരീക്ഷയെ സമീപിക്കാൻ സഹായിക്കുന്ന നിർദ്ദേശങ്ങൾ വിലയിരുത്തൽ പരിഷ്കരണത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കേവലം എഴുത്തുപരീക്ഷകൾക്കു പകരം വ്യത്യസ്തമായ തന്ത്രങ്ങളും ഉപാധികളും ഉപയോഗിച്ച് എല്ലാത്തരം കുട്ടികളുടെയും താൽപര്യങ്ങൾ, ധാരണകൾ, ശേഷികൾ, മനോഭാവങ്ങൾ, അഭിരുചികൾ, ഭിന്നമികവുകൾ എന്നിവയ്ക്ക് സാധ്യതയൊരുക്കുവാൻ വേണ്ടി വ്യത്യസ്ത വിലയിരുത്തൽ തന്ത്രങ്ങൾ വികാസപ്രദ വിലയിരുത്തലിൽ (Formative Assessment) ഉൾപ്പെടുത്തിയിട്ടുണ്ട്. പഠിതാക്കളിലെ വൈവിധ്യത്തെ അഭിമുഖീകരിക്കാൻ സാധ്യതയുള്ള നിരന്തരവും സമഗ്രവുമായ വിലയിരുത്തലാണ് വികാസപ്രദ വിലയിരുത്തലിന്റെ കാതൽ. പരീക്ഷാ |

| | | | |
|---|---|---|---|
| | | | സമ്പ്രദായത്തിൽ തുറന്ന പുസ്തകപരീക്ഷ (Open Book Exam), ഓൺലൈൻ പരീക്ഷ, വീട്ടിൽ വച്ച് എഴുതുന്ന പരീക്ഷ (Take Home Exam), കുട്ടികൾക്ക് ആത്മവിശ്വാസം വരുന്ന സമയത്തുമാത്രമുള്ള പരീക്ഷകൾ (On Demand Exam) എന്നീ സാധ്യതകൾ കൂടി പരിഗണിക്കുന്നതാണ്. |
| (സി) | പരീക്ഷാ സമ്പ്രദായത്തിനൊപ്പം ചോദ്യങ്ങളുടെ സ്വഭാവവും രീതിയും കാലാനുസൃതമായ പരിഷ്കരണത്തിന് വിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | ചോദ്യങ്ങളുടെ സ്വഭാവത്തിലും രീതിയിലും കാലാനുസൃതമായ പരിഷ്കരണങ്ങൾ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. ആത്യന്തിക വിലയിരുത്തലിൽ (Summative Assessment) വിവരങ്ങൾ ഓർത്തെടുക്കുന്നതിനുള്ള അമിത പ്രാധാന്യം ആവശ്യമില്ല. ആത്യന്തിക വിലയിരുത്തലിൽ അറിവിന്റെ പ്രയോഗതലത്തിനാണ് ഊന്നൽ നൽകേണ്ടത്. ചോദ്യക്കടലാസ് തയ്യാറാക്കുമ്പോൾ മുഖ്യപരിഗണന നൽകേണ്ട ബൗദ്ധിക പ്രക്രിയകൾ ഇവയാണ്: ആശയ സ്വാംശീകരണം (Conceptual Clarity), സർഗാത്മകത (Creative Thinking). വിമർശനാത്മക ചിന്ത (Critical Thinking). വിശകലനചിന്ത (Analytical Thinking), പ്രയോഗശേഷി (Application Skill), ഗണനചിന്ത (Computational Thinking), മൂല്യ-മനോഭാവങ്ങൾ - (Values/Attitude). ചോദ്യങ്ങൾ തയ്യാറാക്കുമ്പോൾ, പഠനലക്ഷ്യങ്ങൾ അറിവുകളായി മാറിയോ എന്ന് പരിശോധിക്കുകയും, കൃത്യമായ രൂപരേഖ (Question Paper Design) അടിസ്ഥാനമാക്കി തയ്യാറാക്കുകയും വേണം എന്ന നിർദേശം ചോദ്യകർത്താക്കൾക്ക് നല്കി വരുന്നുണ്ട്. |
| (ഡി) | പുതിയകാല മത്സര പരീക്ഷകളിൽ മികച്ച വിജയം കൈവരിക്കുന്നതിനുള്ള പ്രാരംഭ പരിശീലനം എന്ന നിലയിലേക്ക് ക്ലാസ് പരീക്ഷകളെ പരിവർത്തിപ്പിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | ഉണ്ട്. പുതിയ വിലയിരുത്തൽ സമീപനത്തിൽ, അറിവിന്റെ പ്രയോഗശേഷിക്കും, വിശകലനാത്മക ചിന്തയ്ക്കും, വിമർശനാത്മക ചിന്തയ്ക്കും പ്രാധാന്യം നൽകുന്നു. ഈ ശേഷികൾ മത്സര പരീക്ഷകളിൽ വിജയിക്കാൻ അത്യന്താപേക്ഷിതമാണ്. വികാസപ്രദ വിലയിരുത്തലിന്റെ(Formative Assessment) ഭാഗമായി ബഹുമുഖമായ വിലയിരുത്തൽ തന്ത്രങ്ങളിൽ, ചോദ്യനിർമ്മാണം, പ്രശ്നോത്തരികൾ (Quiz), ഗവേഷണം (Research), പാനൽ ചർച്ച, വാചാപരീക്ഷ തുടങ്ങിയ വ്യത്യസ്ത സാധ്യതകൾ അധ്യാപകർക്ക് പ്രയോജനപ്പെടുത്താവുന്നതാണ്. ഇത്തരം പ്രവർത്തനങ്ങൾ വിദ്യാർത്ഥികളിൽ ഉയർന്ന ചിന്താശേഷിയും (Higher Order Thinking Skills) ആശയ വിനിമയ ശേഷിയും വളർത്താൻ സഹായിക്കും. ആത്യന്തിക വിലയിരുത്തലിൽ (Summative Assessment) അറിവിന്റെ പ്രയോഗതലത്തിന് ഊന്നൽ നൽകുന്നത് മത്സരപരീക്ഷകൾക്ക് ആവശ്യമായ |

| | | | |
|---|---|---|---|
| | | | വിശകലനചിന്തയും പ്രശ്ന പരിഹാരശേഷിയും വളർത്താൻ സഹായിക്കുന്നു. |

സെക്ഷൻ ഓഫീസർ